# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**
**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/210/2018 2018 ഒക്ടോബർ 6

## വാർത്താക്കുറിപ്പ്

---

## ഭിന്നശേഷിക്കാർക്ക് പ്രത്യേക വാഹനസൗകര്യമൊരുക്കിയ ആദ്യ സർവകലാശാല കാമ്പസായി എം.ജി.

**– വീടുകളുടെ ഡിസൈൻപോലും ഭിന്നശേഷി സൗഹൃദമാകണം: പ്രൊഫ. സാബു തോമസ്**

ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും ജീവനക്കാർക്കും സന്ദർശകർക്കും കാമ്പസിനുള്ളിൽ സഞ്ചരിക്കാൻ ഇലക്ട്രിക് വാഹന സൗകര്യമൊരുക്കിയ സംസ്ഥാനത്തെ ആദ്യ സർവകലാശാലയായി എം.ജി. ഭിന്നശേഷിസൗഹൃദ കാമ്പസായി എം.ജി.യെ മാറ്റുന്നതിന്റെ ഭാഗമായാണ് ബാറ്ററിയിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി സൗഹൃദമായ വാഹനം സർവകലാശാല ഒരുക്കിയത്. ഒരു ഫോൺ വിളിയിലൂടെ ഇവർക്ക് കാമ്പസിൽ വാഹന സൗകര്യം ലഭ്യമാകും.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനുള്ള പ്രവർത്തനങ്ങളിൽ പ്രശസ്തരായ പ്രത്യാശ ഫൗണ്ടേഷൻ ഡയറക്ടർ സൈമൺ ജോർജ്ജ്, ദേശീയ പുരസ്കാരം നേടിയ ബിജു വർഗീസ് എന്നിവർ ചേർന്നാണ് ഫ്ളാഗ് ഓഫ് നിർവ്വഹിച്ചത്.

നാം താമസിക്കുന്ന വീടുകളുടെ രൂപകൽപന പോലും ഭിന്നശേഷി സൗഹൃദമാകണമെന്ന് ഉദ്ഘാടന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയിൽ വിവിധ പഠനവകുപ്പുകളിൽ ഭിന്നശേഷിക്കാർക്ക് സുഗമമായി സഞ്ചരിക്കാൻ റാമ്പ് സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ പഠനവകുപ്പുകളിലും ലിഫ്റ്റും ഭിന്നശേഷിക്കാർക്കായി പ്രത്യേക ടോയ്‌ലറ്റുകളും വാഹന പാർക്കിംഗ് സൗകര്യവുമൊരുക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. കൃഷ്ണദാസ്, ഡോ. പി.കെ. പത്മകുമാർ, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. സി.റ്റി. അരവിന്ദകുമാർ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ്, വിദ്യാർത്ഥിനി ഫാത്തിമ നസീമ എന്നിവർ പ്രസംഗിച്ചു.

ഇതോടനുബന്ധിച്ച് ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതു സംബന്ധിച്ചും ഭിന്നശേഷി സൗഹൃദവാഹനങ്ങളുടെ നിർമാണം സംബന്ധിച്ചും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും സംഘടിപ്പിച്ച പ്രഭാഷണം കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു.

**കേന്ദ്ര യുവജനമന്ത്രാലയത്തിന്റെ സാഹസികയാത്രയ്ക്ക്**

**എം.ജി.യിൽ നിന്ന് പത്തംഗ എൻ.എസ്.എസ്. സംഘം**

കേന്ദ്ര സ്പോർട്സ് യുവജന മന്ത്രാലയം ഹിമാചലിലെ കുളു, മണാലി എന്നിവിടങ്ങളിൽ നടത്തുന്ന സാഹസിക യാത്രയിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 10 എൻ.എസ്.എസ്. വോളണ്ടിയർമാർ പങ്കെടുക്കും. അമലഗിരി ബി.കെ. കോളേജ് പ്രോഗ്രാം ഓഫീസർ പ്രൊഫ. ദിയ ഫിലിപ്പിന്റെ നേതൃത്വത്തിൽ അഞ്ചു വീതം പുരുഷ-സ്ത്രീ വോളണ്ടിയർമാർ അടങ്ങിയ സംഘം യാത്ര തിരിച്ചു. 10 ദിവസം നീളുന്നതാണ് സാഹസിക യാത്ര.

ആൽവിൻ ഡേവിഡ്, എം.ജെ. ദേവിക, സ്വാതികൃഷ്ണ പി. സാബു, ലാമിയ സയ്യിദ അൻവർ, അനഘ ജോഷി, അരുൺ ടോമി, ഐശ്വര്യ രാജ്, കെ.എസ്. അഭിജിത്, പി.എ. പ്രണവ്, എം. അനീഷ് കുമാർ എന്നിവരാണ് സംഘത്തിലുള്ളത്. സംഘാംഗങ്ങളെ നാഷണൽ സർവീസ് സ്കീം കേരള - ലക്ഷദ്വീപ് റീജണൽ ഡയറക്ടർ ജി.പി. സജിത്ത് ബാബു, പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ എന്നിവർ ചേർന്ന് എറണാകുളത്തുനിന്ന് യാത്രയാക്കി.

**ഫോട്ടോ ക്യാപ്ഷൻ**

**കേന്ദ്ര സ്പോർട്സ് യുവജന മന്ത്രാലയം ഹിമാചൽ പ്രദേശിൽ നടത്തുന്ന സാഹസിക യാത്രയിൽ പങ്കെടുക്കാൻ പുറപ്പെട്ട എം.ജി. സർവകലാശാല നാഷണൽ സർവീസ് സ്കീം സംഘം എൻ.എസ്.എസ്. കേരള - ലക്ഷദ്വീപ് റീജണൽ ഡയറക്ടർ ജി.പി. സജിത്ത് ബാബു, പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ എന്നിവർക്കൊപ്പം**

**പ്രൊഫ. എം.ജെ. മാത്യു എൻ.എസ്.എസ്.**

**പ്രോഗ്രാം കോ-ഓർഡിനേറ്റർ**

മഹാത്മാ ഗാന്ധി സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററായി പ്രൊഫ. എം.ജെ. മാത്യു ചുമതലയേറ്റു. ഈരാറ്റുപേട്ട എം.ഇ.എസ്. കോളേജ് പ്രിൻസിപ്പലും നെടുങ്കണ്ടം എം.ഇ.എസ്. കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗം മുൻ മേധാവിയുമാണ്.

**ഫോട്ടോ ക്യാപ്ഷൻ**

**മഹാത്മാ ഗാന്ധി സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററായി ചുമതലയേറ്റ പ്രൊഫ. എം.ജെ. മാത്യു. ഈരാറ്റുപേട്ട എം.ഇ.എസ്. കോളേജ് പ്രിൻസിപ്പലും നെടുങ്കണ്ടം എം.ഇ.എസ്. കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗം മുൻ മേധാവിയുമാണ്**

**ഏകജാലക പ്രവേശനം ഫൈനൽ അലോട്ട്മെന്റ്: ഒന്നാം ഘട്ട അലോട്ട്മെന്റായി**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഏകജാലകം വഴിയുള്ള പി.ജി./ബി.പി.എഡ്./ബി.എൽ.ഐ.എസ്സി പ്രവേശനത്തിനുള്ള രണ്ടാം ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളും സഹിതം നാളെ (ഒക്ടോബർ 10) വൈകീട്ട് 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ഒക്ടോബർ 10നകം ഫീസ് അടയ്ക്കാത്തവരുടെയും അടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും.

**പ്രാക്ടിക്കൽ**

രണ്ടാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) ജൂലൈ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്‌ടോബർ 12ന് വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

രണ്ടാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (യു.ജി. - സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) ജൂൺ/ജൂലൈ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്‌ടോബർ 15, 16 തീയതികളിൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

രണ്ടാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) വൊക്കേഷണൽ മോഡൽ - II (കമ്പ്യൂട്ടർ സയൻസ്) ജൂൺ/ജൂലൈ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്‌ടോബർ 12, 15, 16 തീയതികളിൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പരീക്ഷാഫലം**

2017 ഒക്‌ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്. (മോഡൽ I, II, III - 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്‌ടോബർ 22 വരെ അപേക്ഷിക്കാം.

**' പലസ്തീനം പ്രവാസവും; ആഖ്യാനങ്ങളിലെ ഓർമ്മയും പ്രതിരോധവും': ചർച്ചാസമ്മേളനം ഇന്ന്**

'പലസ്തീനം പ്രവാസവും; ആഖ്യാനങ്ങളിലെ ഓർമ്മയും പ്രതിരോധവും ' എന്ന വിഷയത്തിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇന്ത്യൻ പ്രവാസ പഠനകേന്ദ്രവും നടത്തുന്ന ചർച്ചാസമ്മേളനം ഇന്ന് (ഒക്‌ടോബർ 9) രാവിലെ 9.30ന് നടക്കും. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർഹാളിൽ നടക്കുന്ന സമ്മേളനത്തിൽ ഡയറക്ടർ ഡോ. എ.എം. തോമസ് അദ്ധ്യക്ഷത വഹിക്കും. ഷഹീനാമോൾ, ഷക്കീൽ അൻജും, ചിത്രാ സെയ്നി എന്നിവർ പ്രഭാഷണം നടത്തും. സോഷ്യൽ സയൻസ് ഫാക്കൽറ്റി ഡീൻ ഡോ. കെ.എം. സീതി, ഇന്ത്യൻ പ്രവാസ പഠനകേന്ദ്രം ചെയർമാൻ ലിറാർ പുളിക്കലകത്ത്, സെന്റർ ഫോർ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് ചെയർമാൻ ഡോ. എം.വി. ബിജുലാൽ, ഗവേഷക വിദ്യാർഥി അഥിത എന്നിവർ പങ്കെടുക്കും.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ